(ബി) ഈ സർക്കാർ അധികാരമേറ്റതിനുശേഷം എല്ലാ പഞ്ചായത്തുകൾക്കും ഐ.എസ്.ഒ. സർട്ടിഫിക്കറ്റ് നേടാൻ ഉതകുന്ന തരത്തിൽ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടത്;

(സി) അത് ഫലപ്രാപ്തിയിൽ എത്തിക്കാൻ കഴിഞ്ഞിട്ടുണ്ടോ എന്നറിയിക്കാമോ?

ഉത്തരം

(എ) 88 ഗ്രാമപഞ്ചായത്തുകൾ. 9.35%

(ബി) ഈ സർക്കാർ അധികാരമേറ്റതിനുശേഷം ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ കരസ്ഥമാക്കുന്നതിനായുള്ള തുടർപ്രവർത്തനങ്ങൾ നടത്തുന്നതിന് 50 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(സി) ഗ്രാമപഞ്ചായത്തുകളുടെ സേവന ഗുണനിലവാരം ഉയർത്തുന്നതിന്റെ ഭാഗമായി 88 ഗ്രാമപഞ്ചായത്തുകൾക്ക് ഐ.എസ്.ഒ. അംഗീകാരം നൽകിയിട്ടുണ്ട്. 350 ഗ്രാമപഞ്ചായത്തുകൾക്ക് ഐ.എസ്.ഒ. അംഗീകാരം നേടുന്നതിനുള്ള പദ്ധതി ആരംഭിച്ചുകഴിഞ്ഞു. അടുത്ത സാമ്പത്തിക വർഷത്തോടെ സംസ്ഥാനത്തെ മുഴുവൻ ഗ്രാമപഞ്ചായത്തുകൾക്കും ഐ.എസ്.ഒ. അംഗീകാരം നേടുന്നതിനുള്ള പദ്ധതി നടപ്പിലാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

ആസ്തി വികസന ഫണ്ട്

183 (3021) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആസ്തി വികസന ഫണ്ട് വിനിയോഗിച്ചുള്ള ജോലികളിൽ 2015-2016 കാലയളവിൽ സെക്രട്ടറിയേറ്റിലെ തദ്ദേശ സ്വയംഭരണ വകുപ്പ് ഡി.സി.-സെക്ഷനുകളിൽ എത്തിയിട്ടുള്ള ഫയലുകളുടെ വിവരങ്ങൾ, തപാലിൽ നിന്നും ഫയൽ സെക്ഷനിലെത്തിയ തീയതി, ഫയൽ സമർപ്പിച്ച തീയതി, ധനകാര്യ വകുപ്പിലേയ്ക്ക് അയച്ച തീയതി, ഭരണാനുമതി നൽകിയ തീയതി തുടങ്ങിയ വിവരങ്ങൾ വ്യക്തമാക്കി നൽകാമോ;

(ബി) പല ഫയലുകളും മുൻഗണനാ ക്രമം തെറ്റിച്ചും പക്ഷപാതപരമായും താമസിപ്പിച്ചും പ്രസ്തുത സെക്ഷനിൽ നിന്നും അയയ്ക്കുന്നുവെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനെതിരെ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) മറ്റു പല വകുപ്പുകളിലും ആസ്തി വികസനവുമായി ബന്ധപ്പെട്ട വിഷയം ജില്ല തിരിച്ച് മൂന്ന് സീറ്റുകളിലായാണ് കൈകാര്യം ചെയ്യുന്നത്. എന്നാൽ തദ്ദേശ സ്വയംഭരണ വകുപ്പിൽ ഡിസി3 സീറ്റിലാണ് കേരളത്തിലെമ്പാടുമുള്ള കോർപ്പറേഷൻ/ മുനിസിപ്പാലിറ്റികളുടെ ആസ്തി വികസനവുമായി ബന്ധപ്പെട്ട റോഡ് വർക്കുകളുടെ ഫയൽ കൈകാര്യം ചെയ്യുന്നത്. ഇതിന് പുറമേ ടെണ്ടർ അധിക നിരക്കുമായി ബന്ധപ്പെട്ട ഫയലുകളും മുനിസിപ്പാലിറ്റി/കോർപ്പറേഷനുകളുമായി ബന്ധപ്പെട്ട കോടതി കേസ്സുകളും കേരളത്തിലെ ക്ഷേമ പെൻഷനുമായി ബന്ധപ്പെട്ട പെറ്റീഷനുകളും ഇതുമായി ബന്ധപ്പെട്ട ഫയലുകളും ഹർജികൾ സംബന്ധിച്ച സമിതിയുടെ ഫയലുകളും മിസലേനിയസ് ഫയലുകളും കൈകാര്യം ചെയ്യുന്നത് ഡി.സി.3 സീറ്റിലാണ്. അസിസ്റ്റന്റുമാർ മാറിമാറിവന്നതു നിമിത്തവും ഫയലുകൾ പെന്റിംഗ് വന്നിട്ടുണ്ടെന്നും അസംബ്ലിയുടെ ഈ സെഷനിൽ ഈ സീറ്റിൽനിന്നും 19 ചോദ്യങ്ങൾക്ക് മറുപടി നൽകേണ്ടതുള്ളതിനാലും അമിത ജോലിഭാരം ഉള്ളതിനാലും ഈ ചോദ്യം സംബന്ധിച്ച് വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ബി) ഇല്ല.

മുൻ പഞ്ചായത്ത് മെമ്പർമാർക്കുള്ള പെൻഷൻ

184 (3022) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ പഞ്ചായത്ത് മെമ്പർമാർക്ക് പെൻഷൻ നൽകാനുള്ള നിർദ്ദേശത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) മുൻ പഞ്ചായത്ത് മെമ്പർമാർക്ക് പെൻഷൻ നൽകുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ കാര്യക്ഷമമാക്കുന്നതിന് പദ്ധതി

185 (3023) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളെ ശാക്തീകരിക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനും നാളിതുവരെയായി സ്വീകരിച്ചിട്ടുള്ള കർമ്മപദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly